## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2590 — 9.7.2015- ൽ മറുപടിക്ക്

## ലീഗൽ മെട്രോളജി വകുപ്പിന്റെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ആർ. സെൽവരാജ് | അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ :

(ബി) ഇതിനായി വകുപ്പിൽ ഒരുക്കിയിട്ടുള്ള സാങ്കേതിക വിദ്യകൾ എന്തെല്ലാമെന്നറിയിക്കുമോ;

&

(സി) വകുപ്പിന്റെ ശാക്തീകരണത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(എ) (ബി) & (സി) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ താഴെ പറയുന്ന നടപടികൾ വകുപ്പിൽ സ്വീകരിച്ചിട്ടുണ്ട്.

1. ഓട്ടോ- എൽ.പി.ജി പമ്പ് വെരിഫിക്കേഷൻ

സംസ്ഥാനത്ത് നിലവിലുള്ള ഓട്ടോ ഗ്യാസ് എൽ. പി.ജി പമ്പുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനായി വെരിഫിക്കേഷനും സ്റ്റാമ്പിങ്ങും ആരംഭിച്ചു. ഓട്ടോ ഗ്യാസ് പമ്പുകളുടെ വെരിഫിക്കേഷൻ നടപ്പിലാക്കിയ ഇന്ത്യയിലെ അഞ്ചാമത്തെ സംസ്ഥാനമായി കേരളം മാറി. ഓട്ടോ എൽ.പി.ജി വെരിഫിക്കേഷന് 9 എൽ. പി.ജി വെരിഫിക്കേഷൻ കിറ്റുകൾ വാങ്ങിയിട്ടുണ്ട്.

2. കൊല്ലം ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ്

പെട്രോളിയം ഉല്പന്നങ്ങൾ ട്രാൻസ്പോർട്ടേഷൻ നടത്തുന്ന വെഹിക്കിൾ ടാങ്ക് അഥവാ ടാങ്കർ ലോറികളുടെ വെരിഫിക്കേഷനുകൾക്കായി കൊല്ലത്ത് പുതിയ ടാങ്കർ ലോറി

കാലിബ്രേഷൻ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

3. ആട്ടോറിക്ഷാ മീറ്ററുകളുടെ പരിശോധന: സാധാരണക്കാരുടെ വാഹനമായ ആട്ടോറിക്ഷയുടെ യാത്രാ ചാർജ്ജ് കാണിക്കുന്ന ഓട്ടോറിക്ഷ /ടാക്സി ഫെയർ മീറ്ററുകളുടെ പുന:പരിശോധന, ഇതുവരെ നടപ്പിലാക്കാതിരുന്നവ ഉൾപ്പെടെ, സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും /കോർപ്പറേഷനുകളിലും ആട്ടോറിക്ഷാ ഫെയർ മീറ്ററുകളുടെ പുന:പരിശോധന നടപ്പിലാക്കി.

4. കോന്നിയിൽ ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റും ആഫീസ് കെട്ടിടവും

പത്തനംതിട്ട ജില്ലയിലെ കോന്നിയിലെ വകുപ്പിന് ലഭിച്ച സ്ഥലത്ത് 133.5 ലക്ഷം രൂപ മുടക്കി ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റും ഓഫീസ് കെട്ടിട നിർമ്മാണവും ആരംഭിച്ചു.

5. സ്ഫിഗ്മോമാനോമീറ്റർ കാലിബ്രേഷൻ യൂണിറ്റ്

ആരോഗ്യമേഖലയിലെ മെട്രോളജിക്കൽ ഉപകരണങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനായി ഇൻഡ്യയിൽ ആദ്യമായി സ്ഫിഗ്മോമാനോമീറ്റർ (ബി.പി.അപ്പാരറ്റസ്)-ന്റെ കാലിബ്രേഷൻ കേരളത്തിൽ നടപ്പിലാക്കാൻ പോകുന്നതിനു മുന്നോടിയായി ഇതിനായുള്ള വെരിഫിക്കേഷൻ യൂണിറ്റ് ലീഗൽ മെട്രോളജിയുടെ എറണാകുളം സെൻട്രൽ ലബോറട്ടറിയിൽ 16 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ചു.

6. എക്സ്. ആർ.എഫ് മെഷീൻ

സ്വർണ്ണാഭരണങ്ങളിലെ സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്ന വകുപ്പിന്റെ ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിങ്ങ് ലാബിന്റെ കാര്യക്ഷമത

വർദ്ധിപ്പിക്കുന്നതിനായി എക്സ്. ആർ.എഫ് (എക്സ്റേ ഫ്ളൂറസെന്റ് സ്പെക്ട്രോമീറ്റർ) 50 ലക്ഷം രൂപ ചിലവിൽ സ്ഥാപിച്ചു. സ്വർണ്ണ ഗുണമേന്മ ലാബിൽ ഫയർ അസേ മെതേഡിലും XRF മെഷീൻ വഴിയും സ്വർണ്ണത്തിന്റെ പരിശുദ്ധി അളക്കുന്നു.

7. അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പു വരുത്താൻ ഹൈ ആക്കുറസി വർക്കിംഗ് സ്റ്റാൻഡേർഡ് ത്രാസുകൾ കീഴ് ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്.

താലൂക്ക് തലത്തിൽ വകുപ്പിന്റെ ലാബുകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ